A

GI-702

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

## കേരള പാഠാവലി

**ക്ലാസ്: 7** **സമയം: 2 മണിക്കൂർ**

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈസമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. അഞ്ച് എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

### പ്രവർത്തനം 1 - വായിക്കാം എഴുതാം

*പഠനനേട്ടം*

- ആശയഗ്രഹണ വായനയ്ക്കുശേഷം സാമഗ്രിയെ വിശകലനാത്മക രീതിയിൽ പരിശോധിച്ച് ശരിയുത്തരങ്ങൾ കണ്ടെത്തുന്നു.

*സൂചകങ്ങൾ*

1. ഗാനശകലംപോലെ (1)
2. പനിനീർ പൂക്കളുടെ (1)
3. പവിഴമല്ലികളിലെ മഞ്ഞുതുള്ളികളിൽ കാറ്റേറ്റ് (1)
4. ചെമ്പകം (1)
5. ജീവജാലങ്ങൾ പ്രകൃതിയോടിണങ്ങി ജീവിക്കുന്നു. (1)

### പ്രവർത്തനം 2 - അനുഭവക്കുറിപ്പ്

*പഠനനേട്ടം*

- കണ്ടും കേട്ടും വായിച്ചും ലഭിച്ച വിവരങ്ങൾ ആശയച്ചോർച്ച കൂടാതെ അനുയോജ്യമായ ഭാഷയിൽ സ്വന്തം നിരീക്ഷണങ്ങൾ ചേർത്ത് കുറിപ്പ് തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

- അനുഭവങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. (1)
- വൈകാരികത ഉണർത്തുന്ന വിധത്തിൽ അനുഭവങ്ങൾ തിരഞ്ഞെടുത്ത് അവതരിപ്പിച്ചിട്ടുണ്ട്. (1)
- ഭാവം മനസ്സിൽ തട്ടുംവിധം അവതരിപ്പിക്കാനുതകുന്ന ഭാഷ (ആത്മാംശം, സവിശേഷപ്രയോഗം, ശൈലി) ഉപയോഗിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട്. (1)
- സംക്ഷിപ്തമായി എഴുതിയിട്ടുണ്ട്. (1)

### പ്രവർത്തനം 3 - എ) ലഘുപന്യാസം

*പഠനനേട്ടം*

- സാമൂഹിക പ്രസക്തിയുള്ള വിഷയങ്ങൾ അടിസ്ഥാനമാക്കി ലഘു ഉപന്യാസം തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

- ഉപന്യാസത്തിന്റെ ഘടന (തുടക്കം, പ്രധാന ആശയങ്ങൾ, വിശദീകരണങ്ങൾ, ഉപസംഹാരം) പാലിച്ചിട്ടുണ്ട്. (1)
- പരിസ്ഥിതി പരിപാലനം, സംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട പരമാവധി ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (1)
- ആശയങ്ങളും നിലപാടുകളും ശക്തമായി വായനക്കാരിലെത്തിക്കാൻ അനുയോജ്യമായ ഭാഷ പ്രയോഗിച്ചിട്ടുണ്ട്. (1)
- സ്വന്തം നിരീക്ഷണങ്ങളും നിലപാടുകളും ഉദാഹരണസഹിതം സ്ഥാപിച്ചിട്ടുണ്ട്. (1)

ബി) കുയിൽ (1)

## പ്രവർത്തനം 4 - എ) വാങ്മയചിത്രം

*പഠനനേട്ടം*

- ദൃശ്യത്തിന്റെ രൂപഭാവങ്ങളും സവിശേഷതകളും വായനക്കാരന് ചിത്രത്തിൽ കാണുന്നതു പോലെ ആസ്വദിക്കാൻ കഴിയുംവിധം വാക്കുകൾകൊണ്ട് അവതരിപ്പിക്കുന്നു.

*സൂചകങ്ങൾ*

- ദൃശ്യത്തെ സമഗ്രമായി ഉൾക്കൊണ്ടിട്ടുണ്ട്. (1)
- സ്വന്തം വിദ്യാലയത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പ്രതിപാദിച്ചിട്ടുണ്ട്. (1)
- അനുയോജ്യമായ ഭാഷ സ്വീകരിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് എഴുതിയിട്ടുണ്ട്. (1)

ബി) വി.കെ.എൻ. (1)

## പ്രവർത്തനം 5 - എ) ശീർഷകം നൽകുക

*പഠനനേട്ടം*

- വായിച്ച ആശയത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന ശീർഷകം നൽകി സ്വന്തം അഭിപ്രായം സാധൂകരിച്ച് കുറിപ്പു തയ്യാറാക്കുന്നു.

*സൂചകങ്ങൾ*

- കഥയിലെ ആശയത്തിനും കഥാപാത്രസൃഷ്ടിക്കും അനുയോജ്യമായ ശീർഷകം നൽകിയിട്ടുണ്ട്. (1)
- സംക്ഷിപ്തവും ആകർഷകവുമായ ശീർഷകം നൽകിയിട്ടുണ്ട്. (1)
- സ്വന്തം അഭിപ്രായം യുക്തിപൂർവം അവതരിപ്പിച്ചിട്ടുണ്ട് (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചും അക്ഷരത്തെറ്റില്ലാതെയും എഴുതിയിട്ടുണ്ട്. (1)

**ബി)** മാൻപേടകൾ (1)

## പ്രവർത്തനം 6 - ജീവചരിത്രകുറിപ്പ്

*പഠനനേട്ടം*

- സവിശേഷതകൾ വിശകലനം ചെയ്ത് വ്യക്തിയെ പരിചയപ്പെടുത്തുന്നു.

*സൂചകങ്ങൾ*

- വി.കെ. എൻ.ന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ചേർത്തിട്ടുണ്ട്. (1)
- ജീവിതത്തിലെ സുപ്രധാന സംഭവങ്ങളും അനുഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- സ്വന്തം കാഴ്ചപ്പാടുകളും വായനാനുഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. (1)
- സംക്ഷിപ്തമായി അവതരിപ്പിച്ചിട്ടുണ്ട്. (1)
- വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ചും അക്ഷരത്തെറ്റില്ലാതെയും എഴുതിയിട്ടുണ്ട്. (1)